**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 966** **20/03/2012 -ൽ മറുപടിക്ക്**

## സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സർക്കാർ സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം നൽകാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സർക്കാർ സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം നൽകാനുള്ള പദ്ധതിയ്ക്ക് രൂപം നൽകിവരുന്നു. ആറു മുതൽ പതിനാലു വയസുവരെയുള്ള പെൺകുട്ടികൾക്കും ബി.പി.എൽ. വിഭാഗം ആൺകുട്ടികൾക്കും എസ്.എസ്.എ മുഖേനയും മറ്റാൺകുട്ടികൾക്ക് സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും വഹിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇതിനായി എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട് ; | (ബി) | എസ്.എസ്.എ. പദ്ധതിയിലുൾപ്പെടുത്തി സർക്കാർ സ്കൂളുകളിലെ എട്ടാം ക്ലാസ്സുവരെയുള്ള എല്ലാ പെൺകുട്ടികൾക്കും പട്ടികജാതി പട്ടികവർഗ്ഗ ആൺകുട്ടികൾക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആൺകുട്ടികൾക്കും സൗജന്യ യൂണിഫോം നൽകാനുള്ള പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. |
| (സി) | അടുത്ത അദ്ധ്യയന വർഷത്തിൽ ഈ പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) | കേന്ദ്ര സർക്കാരിന്റെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ